**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 219** **25-06-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി ദെലീമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തീരദേശ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് തീരദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾ കൂടുതലായി പഠിക്കുന്ന സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. തീരദേശത്ത് ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 ഫിഷറീസ് സ്കൂളുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് അവയെ സ്മാർട്ട് സ്കൂളുകളാക്കി മാറ്റി മെച്ചപ്പെട്ട പഠന സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2016 മുതൽ തീരദേശത്തെ വിവിധ വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | അവയിൽ കിഫ്ബി ധനസഹായത്തോടെ ആരംഭിച്ച പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള പദ്ധതികൾ എതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | കിഫ്ബി ധനസഹായത്തോടെ ആരംഭിച്ച പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള പദ്ധതികളുടെ വിശദാംശം **അനുബന്ധം 2** ആയി ചേർക്കുന്നു. |
| (സി) | വിദ്യാർത്ഥികളുടെ കായികശേഷി വർദ്ധിപ്പിക്കുവാൻ കഴിയുന്ന തരത്തിൽ എന്തെല്ലാം പദ്ധതികളാണ് തീരദേശത്തെ വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | 2023-24 വർഷം വിദ്യാതീരം പദ്ധതിയിലെ ഒരു ഉപഘടകം ആയ “Sports Activities Support for 14 Schools" എന്നതിനായി 49 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തീരദേശത്തെ സ്കൂളുകളിലെ കുട്ടികളുടെ കായികവികസനത്തിനായി നടപ്പാക്കിയ പദ്ധതിയാണിത്. സ്പോർട്ട്സ് കേരള ഫൗണ്ടേഷൻ മുഖാന്തിരം നടപ്പിലാക്കിയ ടി പദ്ധതിക്കായി 42,95,200/- രൂപ സ്പോർട്ട്സ് കേരള ഫൗണ്ടേഷന് അനുവദിച്ചു നൽകിയിരുന്നു. 14 സ്കൂളുകളിലായി ആകെ 420 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി വിഭാവനം ചെയ്തതാണ് ടി പദ്ധതി. ഫിഷറീസ് വകുപ്പിനു കീഴിലുള്ള വിദ്യാലയങ്ങളിലെ കുട്ടികളെ ഫുട്ബോൾ, അത്‌ലറ്റിക്സ്, വോളിബോൾ, ബാഡ്മിന്റൺ മുതലായ കായിക ഇനങ്ങളിൽ ഉൾപ്പെടുത്തി പരിശീലനം നൽകി നാളെയുടെ വാഗ്ദാനങ്ങളാക്കി മാറ്റുക എന്നതാണ് "വിദ്യാതീരം കായികവികസന'" പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഫുട്ബോൾ പരിശീലനം നൽകുന്നതോടൊപ്പം |

പരിഗണനയിലുള്ള കായിക ഇനങ്ങളിൽ കോച്ചുകളെ നിയമിക്കുകയും സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

കൂടാതെ 'അപ്ഗ്രേഡേഷൻ ഓഫ് സ്പോർട്ട്സ് ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ്' എന്ന പദ്ധതിക്കായി 6 ഫിഷറീസ് സ്കൂളുകളും ഒരു തീരദേശ സ്കൂളും ഉൾപ്പെടെ ആകെ 7 സ്കൂളുകളെ തിരഞ്ഞെടുത്തിരുന്നു. 'ബേസിക് ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് ആന്റ് ഹ്യൂമൻ ഡെവലപ്മെന്റ് ഫെസിലിറ്റീസ്'-ൽ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിന് ആകെ 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

കായിക അടിസ്ഥാന സൗകര്യ വികസനം പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയ 7 സ്കൂളുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ഫിഷറീസ് മോഡൽ എച്ച്.എസ്.എസ്., വർക്കല, തിരുവനന്തപുരം | 32.62 |
| 2 | ഗവ.ഫിഷറീസ് സ്കൂൾ, അർത്തുങ്കൽ, ആലപ്പുഴ | 50.55 |
| 3 | ഗവ.റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, താനൂർ, മലപ്പുറം | 30.00 |
| 4 | ഗവ.റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, കൊയിലാണ്ടി, കോഴിക്കോട് | 59.74 |
| 5 | ഗവ.റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ & വി.എച്ച്.എസ്.എസ്., ബേപ്പൂർ, കോഴിക്കോട് | 76.00 |
| 6 | ഗവ.റീജിയണൽ ഫിഷറീസ് ടി.വി.എച്ച്. എസ്.എസ്., അഴീക്കൽ, കണ്ണൂർ | 66.94 |
| 7 | ഗവ.റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ഫോർ ഗേൾസ്, കാഞ്ഞങ്ങാട്, കാസർഗോഡ് | 34.15 |
|  | ആകെ | 350.00 |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

## 2016 മുതൽ തീരദേശത്തെ വിവിധ വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവൃത്തികൾ

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനു കീഴിൽ തീരദേശ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2016 മുതൽ നാളിതുവരെ താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

1) ബേപ്പൂർ ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂൾ & വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണപ്രവൃത്തിക്ക് 109 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് പ്രവൃത്തി 2019-ൽ പൂർത്തീകരിച്ചു.
2) ബേപ്പൂർ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടത്തിന്റെയും വി.എച്ച്.എസ്.എസ്. ഓഫീസിന്റേയും അറ്റകുറ്റ പ്രവൃത്തികൾക്കായി 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് പ്രവൃത്തി 2018-ൽ പൂർത്തീകരിച്ചു.
3) ബേപ്പൂർ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ചുറ്റുമതിൽ നിർമ്മാണവും വൈദ്യുതീകരണ പ്രവൃത്തിക്കുമായി 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് പ്രവൃത്തി 2018-ൽ പൂർത്തീകരിച്ചു.

സംസ്ഥാനത്തെ തീരദേശ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 2016 മുതൽ സംസ്ഥാന ബഡ്ജറ്റ് തുക, കിഫ്ബി ധനസഹായം എന്നിവയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ബഡ്ജറ്റ് തുക ഉപയോഗിച്ചുള്ള പദ്ധതികൾ

### 2016-17 സാമ്പത്തിക വർഷം

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1. | ജി.യു.പി.എസ്., അട്ടക്കത്തുബയൽ, കാസർഗോഡ്, പുതിയ കെട്ടിടം | 149.00 | പദ്ധതി പൂർത്തീകരിച്ചു |
| 2. | ജി.എഫ്.എച്ച്.എസ്.എസ്.,പുതിയാപ്പ. കോഴിക്കോട് - പുതിയ കെട്ടിടം | 203.00 | പദ്ധതി പൂർത്തീകരിച്ചു |
| 3. | ജി.എം.യു.പി.എസ്. പുതിയങ്ങാടി, കണ്ണൂർ - പുതിയ കെട്ടിടം | 121.00 | പദ്ധതി പൂർത്തീകരിച്ചു |
| 4. | ഗവ.റീജിയണൽ ഫിഷറീസ് ഹൈസ്കൂൾ, അഴീക്കൽ, കണ്ണൂർ - പുതിയ കെട്ടിടം | 217.00 | പദ്ധതി പൂർത്തീകരിച്ചു |
| 5. | ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, മടപ്പള്ളി, കോഴിക്കോട് - പുതിയ കെട്ടിടം | 250.00 | പദ്ധതി പൂർത്തീകരിച്ചു |
| 6. | ഗവ.മോഡൽ അപ്പർ പ്രൈമറി സ്കൂൾ, ചീരാൻ കടപ്പുറം, മലപ്പുറം - പുതിയ കെട്ടിടം | 167.00 | പദ്ധതി പൂർത്തീകരിച്ചു |
| 7. | ജി.എച്ച്.എച്ച്.എസ്.എസ്. പുത്തൻതോട്. | 120.00 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | ചെല്ലാനം, എറണാകുളം – ക്ലാസ് റൂം, ഗ്രൗണ്ട് നിർമ്മാണം | | |
| 8. | ജി.വി.എച്ച്.എസ്.എസ്. കടമക്കുടി – പുതിയ കെട്ടിടം | 435.30 | പദ്ധതി പൂർത്തീകരിച്ചു |
| 9. | ജി.എച്ച്.എസ്.എസ്. വലിയഴീക്കൽ – ടോയ്ലറ്റ് ബ്ലോക്ക് | 25.00 | പദ്ധതി പൂർത്തീകരിച്ചു |
| 10. | ജി.ആർ.എഫ്.ടി.എച്ച്.എസ്.എസ്. & വി.എച്ച്.എസ്.എസ്. വലിയതുറ – വികസനം | 466.00 | പദ്ധതി പൂർത്തീകരിച്ചു |
| 11. | തെരഞ്ഞെടുത്ത തീരദേശ വിദ്യാലയങ്ങളിൽ അടുക്കള നിർമ്മാണം | 200.00 | പദ്ധതി പൂർത്തീകരിച്ചു |
| 12. | തെരഞ്ഞെടുത്ത തീരദേശ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം | 280.00 | പദ്ധതി പൂർത്തീകരിച്ചു |
| 13. | മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് സൗജന്യ സൈക്കിൾ വിതരണം | 100.00 | പദ്ധതി പൂർത്തീകരിച്ചു |
| 14. | തെരഞ്ഞെടുത്ത തീരദേശ വിദ്യാലയങ്ങളിൽ സ്പോർട്ട്സ് ഉപകരണ നിർമ്മാണം | 250.00 | പദ്ധതി പൂർത്തീകരിച്ചു |
| 15. | ജി.യു.പി.എസ്. വെള്ളിമൺ, കൊല്ലം – പുതിയ കെട്ടിടം | 227.00 | പദ്ധതി പൂർത്തീകരിച്ചു |
| 16. | ജി.വി.എച്ച്.എസ്.എസ്. ഞാറയ്ക്കൽ – പുതിയ കെട്ടിടം | 480.00 | പദ്ധതി പൂർത്തീകരിച്ചു |
| 17. | ജി.യു.പി.എസ്. നല്ലില, കൊല്ലം – പുതിയ കെട്ടിടം | 185.00 | പദ്ധതി പൂർത്തീകരിച്ചു |

**2017-18 സാമ്പത്തിക വർഷം**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1. | ജി.ആർ.എഫ്.ടി.എച്ച്.എസ്.എസ്. കാഞ്ഞങ്ങാട് കാസർഗോഡ്- പുനരുദ്ധാരണം | 37.50 | പദ്ധതി പൂർത്തീകരിച്ചു |
| 2. | ജി.ആർ.എഫ്.ടി.എച്ച്.എസ്.എസ്. തേവര, എറണാകുളം | 43.31 | പദ്ധതി പൂർത്തീകരിച്ചു |
| 3. | ജി.എച്ച്.എസ്.എസ്. അഴിയൂർ, കോഴിക്കോട് – പുതിയ കെട്ടിടം | 474.74 | പദ്ധതി പൂർത്തീകരിച്ചു |
| 4. | ജി.ഡബ്ല്യു.എൽ.പി.എസ്. പെരിനാട് , കൊല്ലം – പുതിയ കെട്ടിടം | 245.76 | പദ്ധതി പൂർത്തീകരിച്ചു |
| 5. | ജി.എൻ.പി.എസ്. പടപ്പക്കര, കൊല്ലം – പുതിയ കെട്ടിടം | 228.29 | പദ്ധതി പൂർത്തീകരിച്ചു |

## 2018-19 സാമ്പത്തിക വർഷം

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1. | ജി.ആർ.എഫ്.ടി. & വി.എച്ച്.എസ്.എസ്. വലിയതുറ, തിരുവനന്തപുരം - സെന്റർ ഓഫ് എക്സലൻസ് | 476.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 2. | ജി.ആർ.എഫ്.ടി. & വി.എച്ച്.എസ്.എസ്. താനൂർ, മലപ്പുറം - സെന്റർ ഓഫ് എക്സലൻസ് | 1002.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 3. | ജി.ആർ.എഫ്.ടി. & വി.എച്ച്.എസ്.എസ്. ബേപ്പൂർ, കോഴിക്കോട് - സെന്റർ ഓഫ് എക്സലൻസ് | 435.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 4. | ജി.ആർ.എഫ്.ടി. & വി.എച്ച്.എസ്.എസ്. അഴീക്കൽ, കണ്ണൂർ - സെന്റർ ഓഫ് എക്സലൻസ് | 558.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 5. | ജി.ആർ.എഫ്.ടി. & വി.എച്ച്.എസ്.എസ്. കരുനാഗപ്പള്ളി, കൊല്ലം - പുനരുദ്ധാരണം | 44.00 | പദ്ധതി പൂർത്തീകരിച്ചു |

## 2019-20 സാമ്പത്തിക വർഷം

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1. | ജി.ആർ.എഫ്.ടി. & വി.എച്ച്.എസ്.എസ്., അർത്തുങ്കൽ,ആലപ്പുഴ - മെയിന്റനൻസ് | 3.30 | പദ്ധതി പൂർത്തീകരിച്ചു |
| 2. | ജി.ആർ.എഫ്.ടി..എച്ച്.എസ്.എസ്., ചാവക്കാട്, തൃശ്ശൂർ - മെയിന്റനൻസ് | 3.45 | പദ്ധതി പൂർത്തീകരിച്ചു |

## 2020-21 സാമ്പത്തിക വർഷം

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1. | എം.വി.ജി.എൽ.പി.എസ്. പേരൂർ, കൊല്ലം | 289.99 | പദ്ധതി പൂർത്തീകരിച്ചു |
| 2. | എ.എസ്.എച്ച്.എസ്.എസ്., പുത്തൻതുറ, കൊല്ലം | 231.56 | പദ്ധതി പുരോഗമിക്കുന്നു |

## 2021-22 സാമ്പത്തിക വർഷം

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1. | ജി.ആർ.എഫ്.ടി. എച്ച്.എസ്.എസ്., | 4.38 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | കാഞ്ഞങ്ങാട്, കാസർഗോഡ് – ഹോസ്റ്റൽ റീവയറിംഗ് | | |
| 2. | ജി.എച്ച്.എസ്.എസ്. മുഴപ്പിലങ്ങാട് – കിച്ചൺ ഡൈനിംഗ് | 37.30 | പദ്ധതി പൂർത്തീകരിച്ചു |
| 3. | ജി.എച്ച്.എസ്.എസ്. പാലയോട്, ധർമ്മടം – സ്പോർട്ട്സ് ഗ്രൗണ്ട് നിർമ്മാണം | 170.10 | പദ്ധതി പൂർത്തീകരിച്ചു |
| 4. | ജി.എൽ.പി.എസ്. അരിക്കാടി, കാസർഗോഡ് – പുനരുദ്ധാരണം | 33.17 | പദ്ധതി പൂർത്തീകരിച്ചു |

**2022–23 സാമ്പത്തിക വർഷം**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1. | ജി.ആർ.എഫ്.ടി. & വി.എച്ച്.എസ്.എസ്., താനൂർ, മലപ്പുറം – സ്റ്റെയർകേസ് നിർമ്മാണം | 8.23 | പദ്ധതി പൂർത്തീകരിച്ചു |

**2. കിഫ്ബി പദ്ധതി**

**2018–19 സാമ്പത്തിക വർഷം**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1. | ഗവ.യു.പി.എസ്. ബീമാപ്പള്ളി, തിരുവനന്തപുരം | 125.84444 | പദ്ധതി പൂർത്തീകരിച്ചു |
| 2. | ഗവ.എൽ.പി.സ്കൂൾ പെരുമാതുറ, തിരുവനന്തപുരം | 73.14268 | പദ്ധതി പൂർത്തീകരിച്ചു |
| 3. | ഗവ.എൽ.പി.സ്കൂൾ വർക്കല | 173.22005 | പദ്ധതി പുരോഗമിക്കുന്നു |
| 4. | ഗവ.എൽ.പി.സ്കൂൾ കോട്ടപ്പുറം, കൊല്ലം | 107.13710 | റീ ടെണ്ടർ നടപടി പൂർത്തീകരിച്ചു വരുന്നു |
| 5. | ഗവ.മോഡൽ യു.പി.സ്കൂൾ കാക്കാട്ടുമൂല, മയ്യനാട്, കൊല്ലം | 43.54928 | പദ്ധതി പൂർത്തീകരിച്ചു |
| 6. | ഗവ.ടൗൺ യു.പി.സ്കൂൾ, കച്ചേരിമുക്ക്, കൊല്ലം | 95.51912 | റീ ടെണ്ടർ ചെയ്തു. |
| 7. | കെ.ജി.വി.ഗവ.യു.പി.സ്കൂൾ, ഇളമ്പല്ലൂർ, കൊല്ലം | 186.59297 | പദ്ധതി പൂർത്തീകരിച്ചു |
| 8. | ഗവ.യു.പി.സ്കൂൾ, പഴങ്കാലം, കൊല്ലം | 51.36760 | പദ്ധതി പൂർത്തീകരിച്ചു |
| 9. | ജി.എച്ച്.എസ്.എസ്. കേരളപുരം | 210.92907 | സിവിൽ പ്രവൃത്തിയുടെ പാക്കേജ് സമർപ്പിച്ചത് ഇലക്ട്രിക്കൽ പ്രവൃത്തികൾ കൂടി composite tender ആയി നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിന് കിഫ്ബിയിൽ നിന്നും മടക്കിയിരിക്കുന്നു. |
| 10. | ഗവ.ഹയർ സെക്കന്ററി സ്കൂൾ, ചെറിയഴീക്കൽ, കൊല്ലം | 148.00 | പദ്ധതി പൂർത്തീകരിച്ചു |
| 11. | ഗവ.ടൗൺ യു.പി.സ്കൂൾ, കരുനാഗപ്പള്ളി | 230.02923 | പദ്ധതി പൂർത്തീകരിച്ചു |
| 12. | ഗവ.ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, കുഴിത്തുറ, കൊല്ലം | 175.47705 | പദ്ധതി പൂർത്തീകരിച്ചു |
| 13. | ഗവ.യു.പി.സ്കൂൾ, കാർത്തികപ്പള്ളി, ആലപ്പുഴ | 201.21312 | പദ്ധതി പൂർത്തീകരിച്ചു |
| 14. | തകഴി ശിവശങ്കരപ്പിള്ള മെമ്മോറിയൽ ഗവ.യു.പി.സ്കൂൾ, തകഴി, ആലപ്പുഴ | 90.37779 | പദ്ധതി പൂർത്തീകരിച്ചു |
| 15. | ഗവ.ഹയർ സെക്കന്ററി സ്കൂൾ, വീയ്യപുരം ആലപ്പുഴ | 162.19758 | സിവിൽ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിൽ |
| 16. | ഗവ.യു.പി.സ്കൂൾ, ആരിയാട് നോർത്ത്, ആലപ്പുഴ | 85.13593 | പദ്ധതി പൂർത്തീകരിച്ചു |
| 17. | ഗവ.ഹൈസ്കൂൾ, കോടംതുരുത്ത്, ആലപ്പുഴ | 299.34373 | പദ്ധതി പൂർത്തീകരിച്ചു |
| 18. | ഗവ.യു.പി.സ്കൂൾ, ചിറയ്ക്കകം, വാരാപ്പുഴ, എറണാകുളം | 81.10453 | പദ്ധതി പൂർത്തീകരിച്ചു |
| 19. | കോനാത്ത്കുന്ന് ഗവ.എൽ.പി.സ്കൂൾ, വെള്ളങ്ങല്ലൂർ, തൃശ്ശൂർ | 227.74186 | പദ്ധതി പൂർത്തീകരിച്ചു |
| 20. | ഗവ.ഹയർ സെക്കന്ററി സ്കൂൾ, ഇടവിലങ്ങ്, തൃശ്ശൂർ | 138.33185 | പദ്ധതി പൂർത്തീകരിച്ചു |
| 21. | ഗവ.ഫിഷറീസ് യു.പി.സ്കൂൾ, വാടാനപ്പള്ളി, തൃശ്ശൂർ | 62.7389 | പദ്ധതി പൂർത്തീകരിച്ചു |
| 22. | ഗവ.ഫിഷറീസ് യു.പി.സ്കൂൾ, മന്ദലംകുന്ന്, തൃശ്ശൂർ | 68.5358 | പദ്ധതി പൂർത്തീകരിച്ചു |
| 23. | ഗവ.ഹയർ സെക്കന്ററി സ്കൂൾ, വെളിയംകോട്, മലപ്പുറം | 130.0279 | പദ്ധതി പുരോഗമിക്കുന്നു |
| 24. | ഗവ.മോഡൽ യു.പി.സ്കൂൾ, കൂട്ടായി നോർത്ത്, മലപ്പുറം | 32.9282 | പദ്ധതി പൂർത്തീകരിച്ചു |
| 25. | ഗവ. യു.പി.സ്കൂൾ, പുറത്തൂർ, മലപ്പുറം | 99.96736 | പദ്ധതി പൂർത്തീകരിച്ചു |
| 26. | ഗവ.മോപ്പിള എൽ.പി.സ്കൂൾ, താനൂർ, മലപ്പുറം | 49.51078 | പദ്ധതി പൂർത്തീകരിച്ചു |
| 27. | ഗവ.എൽ.പി.സ്കൂൾ ചെട്ടിപ്പാടി, പരപ്പനങ്ങാടി, മലപ്പുറം | 48.58291 | പദ്ധതി പൂർത്തീകരിച്ചു |
| 28. | ഗവ. യു.പി.സ്കൂൾ, അരിയല്ലൂർ, മലപ്പുറം | 185.96356 | പദ്ധതി പൂർത്തീകരിച്ചു |
| 29. | ഗവ.എൽ.പി.സ്കൂൾ, വള്ളിക്കുന്ന്, മലപ്പുറം | 60.27975 | പദ്ധതി പൂർത്തീകരിച്ചു |
| 30. | ഗവ.ഫിഷറീസ് എൽ.പി.സ്കൂൾ, ചാലിയം | 58.93915 | പദ്ധതി പൂർത്തീകരിച്ചു |

8

| | | | |
|---|---|---|---|
| | കോഴിക്കോട് | | |
| 31. | ഗവ.എൽ.പി.സ്കൂൾ, ബേപ്പൂർ സൗത്ത്, കോഴിക്കോട് | 59.13632 | പദ്ധതി പൂർത്തീകരിച്ചു |
| 32. | ഗവ.എൽ.പി.സ്കൂൾ, പള്ളിക്കണ്ടി സൗത്ത്, കോഴിക്കോട് | 66.07843 | പദ്ധതി പൂർത്തീകരിച്ചു |
| 33. | ഗവ.ഹയർ സെക്കന്ററി സ്കൂൾ, പുതിയാപ്പ, കോഴിക്കോട് | 158.19330 | പദ്ധതി പൂർത്തീകരിച്ചു |
| 34. | ഗവ.ഫിഷറീസ് എൽ.പി.സ്കൂൾ, കോരപ്പുഴ, കോഴിക്കോട് | 67.4671 | പദ്ധതി പൂർത്തീകരിച്ചു |
| 35. | ഗവ.ഫിഷറീസ് യു.പി.സ്കൂൾ, കൊയിലാണ്ടി, കോഴിക്കോട് | 63.7201 | പദ്ധതി പൂർത്തീകരിച്ചു |
| 36. | ഗവ. യു.പി.സ്കൂൾ, അന്തിട്ട, കൊയിലാണ്ടി, കോഴിക്കോട് | 92.6987 | പദ്ധതി പൂർത്തീകരിച്ചു |
| 37. | ഗവ.ഫിഷറീസ് എൽ.പി.സ്കൂൾ, മേലടി, പയ്യോളി, കോഴിക്കോട് | 60.69059 | പദ്ധതി പൂർത്തീകരിച്ചു |
| 38. | ഗവ.എൽ.പി.സ്കൂൾ, ചാലിൽഗോപാൽപേട്ട, കണ്ണൂർ | 74.01875 | പദ്ധതി പൂർത്തീകരിച്ചു |
| 39. | ഗവ.ഹയർ സെക്കന്ററി സ്കൂൾ, കൊട്ടുവള്ളി, കണ്ണൂർ | 202.6 | പദ്ധതി പൂർത്തീകരിച്ചു |
| 40. | ഗവ.ഹയർ സെക്കന്ററി സ്കൂൾ, മുഴപ്പിലങ്ങാട്, കണ്ണൂർ | 113.98935 | പദ്ധതി പൂർത്തീകരിച്ചു |
| 41. | ഗവ.ഹയർ സെക്കന്ററി സ്കൂൾ, പാലിയാട്, ധർമ്മടം | 81.13739 | പദ്ധതി പൂർത്തീകരിച്ചു |
| 42. | സിറ്റി ഗവ.ഹയർ സെക്കന്ററി സ്കൂൾ, കണ്ണൂർ | 140.25139 | പദ്ധതി പൂർത്തീകരിച്ചു |
| 43. | ഗവ.ഫിഷറീസ് എൽ.പി.സ്കൂൾ, അഴീക്കോട് | 65.32536 | പദ്ധതി പൂർത്തീകരിച്ചു |
| 44. | ഗവ. യു.പി.സ്കൂൾ, നീർച്ചാൽ, കണ്ണൂർ | 73.67279 | പദ്ധതി പൂർത്തീകരിച്ചു |
| 45. | ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, മാടായി, കണ്ണൂർ | 203.81861 | പദ്ധതി പൂർത്തീകരിച്ചു |
| 46. | ഗവ. യു.പി.സ്കൂൾ, കവ്വായി, കണ്ണൂർ | 67.68969 | പദ്ധതി പൂർത്തീകരിച്ചു |
| 47. | ഗവ.ഹയർ സെക്കന്ററി സ്കൂൾ, ഏറ്റിക്കുളം, കണ്ണൂർ | 135.67216 | പദ്ധതി പൂർത്തീകരിച്ചു |
| 48. | ഗവ.ഹയർ സെക്കന്ററി സ്കൂൾ, രാമന്തളി, കണ്ണൂർ | 142.27140 | പദ്ധതി പൂർത്തീകരിച്ചു |
| 49. | ഗവ.ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, പടന്ന കടപ്പുറം, കാസർഗോഡ് | 115.85495 | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിൽ |
| 50. | ഗവ.ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, കടംകോട്, കാസർഗോഡ് | 148.49870 | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | | ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിൽ |
| 51. | ഗവ.യു.പി. സ്കൂൾ, കീക്കാൻ, ഉദുമ, കാസർഗോഡ് | 43.89587 | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിൽ |
| 52. | ഗവ. യു.പി.സ്കൂൾ, കീഴൂർ, ഉദുമ, കാസർഗോഡ് | 78.72281 | കിഫ്ബിയിൽ നിന്നും PED അംഗീകാരം ലഭ്യമാകേണ്ടതുണ്ട് |
| 53. | ഗവ.മാപ്പിള യു.പി.എസ്. പള്ളിക്കര | 187.65004 | പദ്ധതി പൂർത്തീകരിച്ചു |
| 54. | ഗവ.മാപ്പിള യു.പി.എസ്. അഗസരഹോള, ഉദുമ | 64.79482 | പദ്ധതി ടെണ്ടർ ചെയ്തു |
| 55. | ഗവ.എച്ച്.എസ്.എസ്. പാക്കം. പള്ളിക്കര, ഉദുമ | 81.95399 | പദ്ധതി പൂർത്തീകരിച്ചു |
| 56. | ഗവ.എച്ച്.എസ്.എസ്. കാസർഗോഡ് | 161.68969 | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിൽ |
| 57. | ജി.എച്ച്.എസ്.എസ്. മഞ്ചേശ്വരം | 179.34343 | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിൽ |

**സെക്ഷൻ ഓഫീസർ**

അനുബന്ധം 2

## കിഫ്ബി ധനസഹായത്തോടെ ആരംഭിച്ച പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള പദ്ധതികളുടെ വിശദാംശം

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | ഗവ.എൽ.പി.സ്കൂൾ, വർക്കല | 173.22005 | പദ്ധതി പുരോഗമിക്കുന്നു |
| 2. | ഗവ.ടൗൺ യു.പി.സ്കൂൾ, കച്ചേരിമുക്ക്, കൊല്ലം | 95.51912 | റീ ടെണ്ടർ ചെയ്തു |
| 3. | ഗവ.എൽ.പി.സ്കൂൾ, കോട്ടപ്പുറം, കൊല്ലം | 107.13710 | റീ ടെണ്ടർ നടപടി പൂർത്തീകരിച്ചുവരുന്നു |
| 4. | ഗവ.ഫിഷറീസ് ഹയർ സെക്കൻഡറി സ്കൂൾ, കുഴിത്തുറ, കൊല്ലം | 175.47705 | പദ്ധതി പുരോഗമിക്കുന്നു |
| 5. | ഗവ. യു.പി.സ്കൂൾ, കാർത്തികപ്പള്ളി, ആലപ്പുഴ | 201.21312 | പദ്ധതി പുരോഗമിക്കുന്നു |
| 6. | ഗവ.ഹയർ സെക്കൻഡറി സ്കൂൾ, വീയ്യപുരം, ആലപ്പുഴ | 162.19758 | സിവിൽ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിൽ |
| 7. | ഗവ.ഹയർ സെക്കൻഡറി സ്കൂൾ, വെളിയംകോട്, മലപ്പുറം | 130.0279 | പദ്ധതി പുരോഗമിക്കുന്നു |
| 8. | ഗവ. യു.പി.സ്കൂൾ, കീഴൂർ, ഉദുമ, കാസർഗോഡ് | 78.72281 | കിഫ്ബിയിൽ നിന്നും PED അംഗീകാരം ലഭ്യമാകേണ്ടതുണ്ട് |
| 9. | ഗവ. യു.പി.സ്കൂൾ, അഗസരഹോള, ഉദുമ | 64.79482 | പദ്ധതി ടെണ്ടർ ചെയ്തു |
| 10. | ജി.എച്ച്.എസ്.എസ്., കേരളപുരം | 210.92907 | സിവിൽ പ്രവൃത്തിയുടെ പാക്കേജ് സമർപ്പിച്ചത്, ഇലക്ട്രിക്കൽ പ്രവൃത്തികൾ കൂടി composite tender ആയി നടപടി സ്വീകരിക്കുന്നതിന് കിഫ്ബിയിൽ നിന്നും മടക്കിയിരിക്കുന്നു. |
| 11. | ഗവ.ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, പടന്ന കടപ്പുറം, കാസർഗോഡ് | 115.85495 | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിൽ |
| 12. | ഗവ.ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, കടംകോട്, കാസർഗോഡ് | 148.49870 | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിൽ |
| 13. | ഗവ.യു.പി. സ്കൂൾ, കീക്കാൻ, ഉദുമ, കാസർഗോഡ് | 43.89587 | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരണ |

| | | | |
|---|---|---|---|
| | | | ഘട്ടത്തിൽ |
| 14. | ഗവ.എച്ച്.എസ്.എസ്. കാസർഗോഡ് | 161.58969 | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിൽ |
| 15. | ജി.എച്ച്.എസ്.എസ്., മഞ്ചേശ്വരം | 179.34343 | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിൽ |

**സെക്ഷൻ ഓഫീസർ**